National Committee for Professional Standards

# An Aid to Understanding Towards Healing

## (Malayalam)

# 'സൗഖ്യത്തിലേക്ക്'

## ദുരുപയോഗത്തെകുറിച്ചുള്ള ആരോപണങ്ങളോട് പ്രതികരിക്കുന്നതിന് സഭയുടെ പെരുമാറ്റച്ചട്ടം.

### എന്താണ് 'സൗഖ്യത്തിലേക്ക് '?

കത്തോലിക്കാ വൈദികരോ സന്യാസസമൂഹങ്ങളിലെ അംഗങ്ങളോ അജപാലനദൗത്യ നിർവഹണത്തിൽ സഹായിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന വ്യക്തികളോ, ദുരുപയോഗത്തിന് കാരണമായിട്ടുണ്ടെങ്കിൽ പരാതി ബോധിപ്പിക്കാനുള്ള ഒരു സംവിധാനമാണ് 'സൗഖ്യത്തിലേക്ക്' എന്ന പദ്ധതി. ഇതു ലക്ഷ്യമാക്കുന്നത് ദുരുപയോഗത്തിന് ഇരയായവരോടുള്ള ഉത്തരവാദിത്വപരമായ സമീപനമാണ്. കുറ്റകൃത്യം പോലീസിനോട് അറിയിക്കുന്നതിന് പകരമുള്ള സമീപനമല്ല ഇത്. കുറ്റകൃത്യം പോലീസിനെ അറിയിക്കാൻ പരാതിക്കാരെ തിർച്ചയായും പ്രോത്സാഹിപ്പിക്കുന്നുണ്ട്. സർക്കാരിനെയൊ, ശിശുസംരക്ഷണ അധികാരികളെയൊ, ശിശുസംരക്ഷണ ഉത്കണ്ഠകൾ അറിയിക്കുന്നതിന് പകരമുള്ള ഒരു സംവിധാനമല്ല ഇത്. മറിച്ച് സർക്കാരിന്റെയോ ശിശുസംരക്ഷണ അധികാരികളുടെയോ ഭാഗത്തുനിന്ന് കുറ്റാന്വേഷണമോ നടപടിക്രമങ്ങളോ ഉണ്ടായാലും ഇല്ലെങ്കിലും പീഡനത്തിന് ഇരയായ വ്യക്തികൾക്ക് സഭയിൽ നിന്ന് സഹായവും പിന്തുണയും നൽകാനുള്ള മാർഗ്ഗമാണിത്.

### ഓസ്ട്രേലിയായിലെ കത്തോലിക്കസഭയിൽ 'സൗഖ്യത്തിലേക്ക്' എന്ന പദ്ധതിയുടെ നടപടി ക്രമം

'സൗഖ്യത്തിലേക്ക്' എന്ന പദ്ധതി നിലവിൽ ആരോപിക്കപ്പെട്ട കുറ്റകൃത്യങ്ങളും ശിശുസംരക്ഷണവുമായി ബന്ധപ്പെട്ട പരാതികളും മാത്രമല്ല, അജപാലന സാഹചര്യങ്ങളിൽ പരസ്പര സമ്മതത്തോടെ മുതിർന്നവർ എതിർലിംഗങ്ങളിലോ സ്വവർഗ്ഗത്തിലോ നടത്തിയ ലൈംഗികബന്ധത്തെക്കുറിച്ചുള്ള പരാതികളും കൈകാര്യം ചെയ്യുന്നു. സഭ ഇത്തരത്തിലുള്ള കാര്യങ്ങളെ വൈദികരുടെയോ സന്യസ്തരുടെയോ അധികാര ദുരുപയോഗമായിട്ടാണ് കാണുന്നത്.

### പശ്ചാത്തലം: 'സൗഖ്യത്തിലേക്ക്' എന്ന പദ്ധതിയുടെ ആവിർഭാവം (1996-2010)

1996 ഡിസംബറിൽ ഓസ്ട്രേലിയായിലെ കത്തോലിക്കാസഭ മെത്രാന്മാരും സന്യാസസമൂഹ നേതാക്കന്മാരും ചേർന്ന് 'സൗഖ്യത്തിലേക്ക്' എന്ന പ്രമാണം പ്രസിദ്ധീകരിച്ചു. ലൈംഗിക ദുരുപയോഗപരാതികളോട് സഭ എങ്ങനെ പ്രതികരിക്കണമെന്ന് അടിസ്ഥാനപരമായി അംഗീകരിച്ച തത്ത്വങ്ങൾ പുറപ്പെടുവിച്ചു. സത്യം,എളിമ, മുറിവേല്ക്കപ്പെടുന്നവർക്ക് സൗഖ്യം, വിഷമം അനുഭവിക്കുന്നവർക്ക് സഹായം, കുറ്റം ആരോപിക്കപ്പെട്ടവരോട് കൃത്യമായ സമീപനം, കുറ്റക്കാരായി

തെളിയിക്കപ്പെട്ടവരോട് ഫലപ്രദമായ പ്രതികരണം, ദുരുപയോഗത്തെ തടയുക എന്നീ ഏഴ് മൂല്യങ്ങളോടുള്ള സഭയുടെ പ്രതിജ്ഞാബദ്ധതയാണ് ഈ പ്രമാണം.

ഇതൊരു ഇടക്കാലപ്രമാണവും, തുടർന്നുള്ള നടപടിക്രമങ്ങളുടെ പുരോഗതിക്ക് ഉതകുന്ന രീതിയിൽ സമൂഹത്തിലുള്ള തൽപരകക്ഷികളിൽ നിന്നും അഭിപ്രായങ്ങൾ ആരായാനുള്ള ഒരു മാർഗ്ഗവും കൂടെ ആയിരുന്നു.

ഈ പ്രതിബദ്ധത പൂർത്തികരിക്കുവാനായി 1999-ൽ 'Child Sexual Abuse and the Churches' എന്ന പുസ്തകത്തിന്റെ ഗ്രന്ഥകർത്താവും സിഡ്നി സർവ്വകലാശാലയിലെ നിയമാധ്യാപകനുമായ പ്രൊഫ. പാട്രിക് പാർക്കിൻസണിനെ ഈ പ്രമാണത്തിന്റെ നവീകരണചുമതല ഏൽപ്പിച്ചു. ഇതിന്റെ ഫലമായി 2000-ൽ നവീകരിച്ച പതിപ്പും 2010-ൽ നിലവിലുള്ള പതിപ്പും പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിൽ നിന്നും വ്യത്യസ്തമായി ലൈംഗീക ദുരുപയോഗ പരാതികളെ കൈകാര്യം ചെയ്യുവാനുള്ള നടപടിക്രമങ്ങൾ മെൽബൺ അതിരൂപതയ്ക്ക് മാത്രമേ ഉള്ളു.

## നിയമ നടപടികൾ – 'സൗഖ്യത്തിലേക്ക്' എന്ന പദ്ധതിക്ക് പകരമാവുന്നുണ്ടോ ?

'സൗഖ്യത്തിലേക്ക്' എന്നത് ഒരു അജപാലന പദ്ധതിയാണ്. ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത് നിലവിലുള്ള പരാതിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സഹായിക്കുക എന്നതും ദുരുപയോഗത്തിന് വിധേയരായിത്തീരാൻ സാധ്യതയുള്ളവരുടെ സംരക്ഷണവുമാണ്. സഭയുടെ ഭാഗത്തുനിന്ന് നിലവിലുള്ള ക്രമസമാധാന സംവിധാനത്തിനോ നിയമസംവിധാനത്തിലുള്ള നടപടിക്രമങ്ങൾക്കോ ഏതെങ്കിലും തരത്തിലുള്ള സമ്മർദ്ദങ്ങളോ, സഭാനടപടിക്രമങ്ങളോ തടസമാവില്ല. (TH 37.4)

മുൻപ് പ്രസ്താവിച്ചതുപോലെ 'സൗഖ്യത്തിലേക്ക്' എന്ന പദ്ധതി നിലവിലുള്ള നീതിവ്യവസ്ഥിതിക്ക് ഒരു കൂട്ടിച്ചേർക്കൽ മാത്രമാണ്. പകരം വയ്ക്കലല്ല. നിയമസംവിധാനം കുറ്റാരോപിതനായ വ്യക്തിയിൽ കുറ്റമുണ്ടോ ഇല്ലയോ എന്ന് നിർണ്ണയിക്കുന്നു. അതോടൊപ്പം ഈ സംവിധാനം അതിൽതന്നെ കുറ്റക്കാരെ സഹായിക്കുന്ന ഒരു പ്രക്രിയയല്ല; എങ്കിലും ചിലപ്പോൾ അവർക്ക് ഒരു നീതീകരണമോ, സംരക്ഷണമോ, ശാക്തീകരണമോ അനുഭവപ്പെട്ടേക്കാം.

ദുരുപയോഗ കുറ്റകൃത്യം നാളുകൾക്ക് മുൻപ് സംഭവിച്ചതാണെങ്കിലും അത് അടിയന്തിരമായി പോലീസിനെ അറിയിക്കണമെന്ന് 'സൗഖ്യത്തിലേക്ക്' എന്ന പദ്ധതി ഉദ്ബോധിപ്പിക്കുന്നു.(TH37.1,37.2) പരാതിക്കാരെ അതിനു ശക്തമായി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഔദ്യോഗിക മാനദണ്ഡങ്ങളുടെ ഡയറക്ടർ(Director of Professional Standards) അവരെ അതിന് സഹായിക്കുന്നതാണ്. എന്നിരുന്നാലും അനുഭവങ്ങൾ കാണിക്കുന്നത് പരാതിക്കാർ അവരുടെ പ്രശ്നങ്ങൾ പോലീസിൽ അറിയിക്കുവാൻ ആഗ്രഹിക്കുന്നില്ല എന്നുള്ളതാണ്. ഓരോ രാജ്യവും

ഭരണഘടനാപ്രദേശവും നിർദ്ദേശിക്കുന്ന പ്രകാരം ദുരുപയോഗകുറ്റകൃത്യം അറിയിക്കേണ്ട നടപടികൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

'സൗഖ്യത്തിലേക്ക്' ഒരു അജപാലന പദ്ധതി എന്ന നിലയ്ക്ക് ഔദ്യോഗിക മാനദണ്ഡങ്ങളുടെ ഡയറക്ടറും(Director of Professional Standards), അടുത്ത വ്യക്തികളും സഹായികളും പരാതിക്കാരനുമായി ബന്ധപ്പെടണമെന്ന് നിർദ്ദേശിക്കുന്നു. പരാതിക്കാരൻ ആഗ്രഹിക്കുന്ന വ്യക്തിയെ അവന്റെ സഹായി ആയി നിർത്താനുള്ള അവകാശമുണ്ട്. തിരഞ്ഞെടുത്ത സഹായി അഭിഭാഷകനാണെങ്കിൽ നടപടി ക്രമങ്ങൾ നയിക്കേണ്ടത് തീർച്ചയായും ഔദ്യോഗിക മാനദണ്ഡങ്ങളുടെ ഡയറക്ടർ(Director of Professional Standards) ആണ്. കാരണം ഇത് ഒരു നിയമ നടപടിക്രമമല്ല. (TH 35.3.1)

## 'സൗഖ്യത്തിലേക്ക്' എന്ന പദ്ധതിയുടെ ഘട്ടങ്ങൾ

പരാതിക്കാരന്റെ പ്രശ്നങ്ങൾ ഫലപ്രദമായി പരിശോധിക്കാൻ പ്രധാനമായും മൂന്ന് ഘട്ടങ്ങൾ ഉണ്ട്.

**1. ബന്ധപ്പെടുന്ന ഘട്ടം:** ഈ ഘട്ടത്തിൽ പരാതിക്കാരന് ആശ്വാസജനകമായ രീതിയിൽ മുഴുവൻ അനുഭവവും കേൾക്കുന്നു. 'സൗഖ്യത്തിലേക്ക്' 36.4 പ്രകാരം പരാതിക്കാരന്റെ പരാതി അവന്റെ വൈകാരികവും മാനസികവും ആത്മീയവുമായ അവസ്ഥയോടുകൂടി പൂർണ്ണമായും വിശ്വസ്ഥമായും കരുണാർദ്രമായും ബന്ധപ്പെടുന്ന ആൾ ശ്രവിക്കണം.

**2. നിർണ്ണയ ഘട്ടം:** ഈ ഘട്ടത്തിൽ നിലവിലുള്ള പരാതിയുടെ വസ്തുത സൂഷ്മമായി അന്വേഷിക്കുകയും കൂടുതൽ വിവരങ്ങൾ പരിശോധിക്കേണ്ടതുണ്ടോ എന്നു നിശ്ചയിക്കുകയുമാണ്. സാധ്യമായ സാഹചര്യങ്ങളിൽ പരാതിക്കാരനുമായും കുറ്റം ആരോപിക്കപ്പെട്ട വ്യക്തിയുമായും ഏതെങ്കിലും തരത്തിൽ സഹായികളായ വ്യക്തികളുമായും അഭിമുഖം നടത്തേണ്ടതാകുന്നു.(TH 40.7) 'സൗഖ്യത്തിലേക്ക്' പ്രക്രിയയുടെ തെളിവിന്റെ അളവുകോൽ സാധ്യതകളുടെ സന്തുലിതാവസ്ഥയിലാണ്. അത് നിലവിലുള്ള നിയമസംവിധാനത്തിലുള്ളതിനേക്കാൾ കുറഞ്ഞ തരത്തിലുള്ള അളവുകോലാണ്.

### 3. സുസാധ്യമായ ഘട്ടം

സുസാധ്യമായ ഘട്ടം പരിഗണിക്കുന്നത് പരാതിക്കാരുടെ അനന്തര അവസ്ഥയെക്കുറിച്ചാണ്. പീഢിത വ്യക്തിയുടെ ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്ന സാധാരണരീതിയാണ് 'സൗഖ്യത്തിലേക്ക്' എന്ന പദ്ധതി നിറവേറ്റികൊടുക്കുന്നത് (TH 41-3). സഹായഘട്ട കൂടികാഴ്ചയിലൂടെ സഭാധികാരിക്ക് പീഢിത വ്യക്തിയെ നേരിട്ട് കേൾക്കാനും ഏറ്റ മുറിവ് മനസ്സിലാക്കുവാനും ക്ഷമാപണം നടത്തുവാനും ഭൂതകാലത്തെ ഒരിക്കലും മാറ്റാനാവില്ലെന്ന് മനസ്സിലാക്കി കൊടുക്കുവാനും കഴിയുന്നതോടൊപ്പം ആത്മാർത്ഥമായ ക്ഷമാപണവും കൗൺസിലിങ്ങും വഴി മുറിവുണക്കുവാനും സാധിക്കുന്നു. പരാതിക്കാരനും സഭാപ്രതിനിധിക്കും മുന്നോട്ടുള്ള

ജീവിതയാത്രയിൽ ആവശ്യമായ വഴികൾ കണ്ടെത്താനുള്ള അവസരം ലഭിക്കുന്നു. ഇതൊരു സങ്കീർണ്ണ പ്രക്രിയ ആയതുകൊണ്ട് പരാതിക്കാരും മെത്രാന്മാരും നേതാക്കന്മാരും വിദഗ്ധനായ ഒരു മാർഗ്ഗനിർദ്ദേശിയുടെ സഹായം തേടുന്നത് ഉചിതമാണ്. അതോടൊപ്പം തന്നെ മെത്രാന്മാർക്കും നേതാക്കന്മാർക്കും പീഢിതവ്യക്തിയിൽ പതിയപ്പെട്ട മുറിവിന്റെ ആഴം ശരിയായി മനസ്സിലാക്കുവാനും സാധിക്കുന്നു.

## കുറ്റാരോപിത വ്യക്തിക്കുള്ള അനന്തര നടപടികൾ:-

കുറ്റാരോപിത വ്യക്തിയുടെ മേലുള്ള അനന്തര നടപടികൾ തീരുമാനിക്കുന്നത് കുറ്റത്തിന്റെ ഗൗരവും അതേൽപ്പിച്ച ആഘാതവും വിലയിരുത്തികൊണ്ടായിരിക്കും. ഗൗരവമായ കുറ്റം ചെയ്തവർക്ക് അവർ ദുർവിനിയോഗിച്ച അധികാര ചുമതലകൾ പിന്നീട് ഒരിക്കലും കൊടുക്കുകയില്ല.(TH 27)

## പ്രതിരോധം

സഭാധികാരികളോട് 'സൗഖ്യത്തിലേക്ക്' പദ്ധതി (TH 44.1-44.10) ആവശ്യപ്പെടുന്നത് ദുരുപയോഗത്തെ തടയാൻ ക്രിയാത്മക മുൻകരുതൽ എന്ന നിലയിൽ വൈദികവൃത്തിയിലേക്കും സന്യാസത്തിലേക്കും വരാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് പരിശീലനം നൽകാനും ഒപ്പം രൂപതാതലത്തിലും രാജ്യാന്തരതലത്തിലും സേവനമേഖലകളിലും സ്ഥലം മാറ്റം നൽകാനും ആവശ്യപ്പെടുന്നു.

## സഭയുടെ പ്രതിബദ്ധത

മെത്രാന്മാരും സഭാനേതൃത്വത്തിലുള്ളവരും 'സൗഖ്യത്തിലേക്ക്' എന്ന പ്രമാണത്തിലെ തത്ത്വങ്ങൾ നടപ്പാക്കുവാൻ പ്രതിജ്ഞാബദ്ധരാണ് (TH 32). ആഗോള സഭ മുഴുവനായും ദുരുപയോഗത്തിനിരയായവർ സൗഖ്യമാകുവാൻ സഹായിക്കാനും ഭാവിയിൽ ദുരുപയോഗ നിവാരണ നടപടികൾ സ്വീകരിക്കാനും പ്രതിജ്ഞാബദ്ധരാണ്.

## റോയൽ കമ്മീഷൻ

കുട്ടികളുടെ ലൈംഗിക ദുരുപയോഗവുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളുടെ പ്രതികരണത്തിലേക്കുള്ള അന്വേഷണ സമിതി പ്രാബല്യത്തിൽ വന്നിരിക്കുന്നു. അത് 'സൗഖ്യത്തിലേക്ക്' എന്ന പദ്ധതിയെ എങ്ങനെ മെച്ചപ്പെടുത്താമെന്ന് നിർദ്ദേശങ്ങൾ തരുന്നുണ്ട്. ഭാവിയിൽ കാര്യമായ മാറ്റങ്ങൾ വരും എന്നതിൽ സംശയമില്ല. ദുരുപയോഗ സാഹചര്യങ്ങളിൽ നിന്നും, പ്രതിസന്ധികളിൽ നിന്നും മോചിതരായ വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും ഈ പദ്ധതിയിലൂടെ ഇന്ന് സഹായം ലഭിക്കുന്നു.

## Contacts for Professional Standards Offices

| STATE | CONTACT LINE – Free Call |
| --- | --- |
| NSW | **1 300 369 977** |
| NT | **0418 736 890** |
| QLD | **1 800 337 928** |
| SA | **1 800 139 020** |
| TAS | **1 800 356 613** |
| VIC | **1 800 816 030** |
| WA | **1 800 072 390** |